**CODE : ML1201** ഒന്നാം പാദവാർഷിക മൂല്യനിർണയം -2017

# മലയാളം

# അടിസ്ഥാനപാഠാവലി

സ്റ്റാന്റേർഡ് X

സമയം :1½ മണിക്കൂർ

ആകെ സ്കോർ : 40

**പൊതുനിർദ്ദേശങ്ങൾ**

- ആദ്യത്തെ 15 മിനിറ്റ് ആശ്വാസസമയമാണ്.ചോദ്യങ്ങൾ വായിച്ച് ഉത്തരങ്ങൾ മനസ്സിൽ ക്രമീകരിക്കുന്നതിന് ഈ സമയം പ്രയോജനപ്പെടുത്തണം.
- നിർദ്ദേശങ്ങൾ ശ്രദ്ധയോടെ വായിച്ചു മനസ്സിലാക്കി ഉത്തരമെഴുതുക
- ഉത്തരമെഴുതുമ്പോൾ സമയവും സ്കോറും പരിഗണിക്കണം.

1. കരിന്തിരി - ഈ പദത്തിന്റെ ശരിയായ വിഗ്രഹരൂപം ഏത്?

   i). കരിയും തിരിയും
   ii) കരിയാകുന്ന തിരി
   iii) കരിഞ്ഞ തിരി
   iv) തിരിയുടെ കരി 1

2. " എടീ കള്ളീ! നീയതു ഒളിച്ചുവച്ചിരുന്നോ"?
   ഈ സംഭാഷണം കോരൻ എന്ന കഥാപാത്രത്തെക്കുറിച്ച് നൽകുന്ന ഏതെങ്കിലും ഒരു സൂചന എഴുതുക. 1

3. 'പീളയടിഞ്ഞ് നിറം പോയ കണ്ണുക-
   ളെന്തേയടയ്ക്കാതെ വച്ചമ്മ നിർദയം '
   അടിവരയിട്ട പ്രയോഗം സന്ദർഭത്തിന് നൽകുന്ന അർത്ഥവ്യാപ്തി എന്ത്? 2

4. എതോ ദിശയിൽ നിന്ന് അടിച്ചെത്തിയ കാറ്റിൽ
   ശബ്ദങ്ങളുടെ കരിയിലകൾ അപ്പാടെ പാറിപ്പോയി
   (ഓരോ വിളിയും കാത്ത്)
   കഥാസന്ദർഭത്തെ മുൻനിർത്തി അടിവരയിട്ട പ്രയോഗത്തിന്റെ പൊരുൾ വ്യക്തമാക്കുക. 2

5. വാക്യശുദ്ധി വരുത്തി എഴുതുക
   'സംരക്ഷിക്കാൻ ആരുമില്ലാത്ത അനാഥരെ പുനരധിവസിപ്പിക്കുന്നതിന് അനുയോജ്യമായ പദ്ധതി സർക്കാർ യോജിച്ച രീതിയിൽ നടപ്പിലാക്കുന്നതിന് ഏതാണ്ട് ആയിരം കോടിയോളം രൂപ നീക്കിവച്ചിട്ടുണ്ട്. 2

**6 മുതൽ 11 വരെയുള്ള ചോദ്യങ്ങളിൽ നിന്ന് ഏതെങ്കിലും 5 എണ്ണത്തിന് മാത്രം ഉത്തരമെഴുതുക. (അരപ്പുറം) ഓരോന്നിനും 4 സ്കോർ വീതം (5x4=20)**

6. കുട്ടി അമ്മയോട് ചോദിച്ചു ; "ഈ വൃക്ഷങ്ങളൊക്കെ വീഴാതെ നിൽക്കുന്നല്ലോ...... "

" അവയ്ക്കു ഭൂമിയിൽ വേരുണ്ട്. അതുകൊണ്ട് ഉറച്ചു നിൽക്കുന്നു."
അമ്മ പറഞ്ഞു
" അപ്പോൾ നമ്മുടെ വേരുകളോ? "
" അതും ഈ അമ്മയായ ഭൂമിയിൽത്തന്നെ."

- വേരുകൾ (ഡി.വിനയചന്ദ്രൻ)

നന്മയുടെ വേരുകൾ മറക്കുന്ന തലമുറയുടെ പ്രതീകമാണ് 'അമ്മത്തൊട്ടിൽ' എന്ന കവിതയിലെ നായകൻ. - വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

7. " എന്നാ കൊടുക്കാനാ? ഏൻ ഇന്നലെ ഒരു മൊറം നെയ്തു വച്ചിരുന്നു. അതു കൊടുത്തിട്ട് ഏഴുചക്രം കിട്ടി. അതു കൊടുത്തു മൂഴക്കരീം മേടി ച്ചോണ്ടു വന്നപ്പഴാ അച്ചമ്മന്നെ അതിട്ടു തെളപ്പിച്ചു ഞങ്ങ ഉച്ചക്കു കുടിച്ചു."

കഥ നടക്കുന്ന കാലത്തെ സാമൂഹ്യജീവിതത്തെക്കുറിച്ചുള്ള എന്തൊല്ലാം സൂചനകളാണ് മേൽക്കൊടുത്ത സംഭാഷണത്തിൽ തെളിയുന്നത്? കണ്ടെത്തി എഴുതുക.

8. 'പൊരുളില്ലാത്ത സംസാരമെന്ന് ആദ്യം തോന്നാം. പക്ഷെ ചെന്നു നോക്കു മ്പോൾ അറിയാം, മനസ്സിന്റെ ക്ലാവു പിടിച്ച കണ്ണാടിയിലൂടെ അച്ഛൻ കണ്ട തെല്ലാം ശരിയായിരുന്നുവെന്ന് '.

അച്ഛന്റെ അഭാവത്തിലാണ് അച്ഛനെക്കുറിച്ചുള്ള ശരിയായ ധാരണ മകന് കൈവരുന്നത്. കുടുംബാംഗങ്ങൾ പരസ്പരം തിരിച്ചറിയപ്പെടാതെ പോകുന്ന തിന്റെ നഷ്ടം ഈ കഥാസന്ദർഭം എത്രമാത്രം വ്യക്തമാക്കുന്നുണ്ട്. കണ്ടെത്തി എഴുതുക.

9. അമ്മത്തൊട്ടിൽ എന്ന കവിതയിലെ മകൻ, അമ്മയെ ഉപേക്ഷിക്കാൻ നടത്തുന്ന യാത്ര സ്വന്തം ജീവിതത്തിലൂടെയുള്ള യാത്രയും കൂടിയായി മാറുന്നുണ്ട്. ഈ അഭിപ്രായത്തോടുള്ള നിങ്ങളുടെ പ്രതികരണമെന്ത്? കുറിപ്പ് തയ്യാറാക്കുക.

10. • "തമ്പ്രാ ഏനു നെല്ലു കൂലി മതി. ചക്രം മേണ്ട ."
ഒരു വാക്കുകൊണ്ട് ഔസേപ്പ് ആ അപേക്ഷയെ നിഷേധിച്ചു.മറ്റു വേലക്കാർ ഒന്നും പറയാതെ വള്ളത്തിൽ കയറി പോയപ്പോൾ കോരനും പോയി.

• 'എന്തായാലും അന്നു നെല്ലുതന്നെ കൂലി കിട്ടിയേ മതിയാകൂ
അപ്പന് ഒരു നേരമെങ്കിലും നിറച്ചു ചോറു കൊടുക്കണം.'

അനീതിയോട് ആദ്യം ശക്തമായി പ്രതികരിക്കാതിരുന്ന കോരൻ പിന്നീട് ഉറച്ച തീരുമാനത്തിലെത്തുന്നു. അതിനിടയായ സാഹചര്യമെന്ത് ? വിശകലനം ചെയ്യുക.

11. അമ്മ വയറ്റത്ത് പറ്റിക്കിടന്ന ചൂട്, കാച്ചെണ്ണ മണം, പുലർകാലത്ത് തണുപ്പാറ്റുന്ന ഓലക്കൊടികൾ പുകയുന്ന മണം- ഇത്തരം ഓർമ്മകളാണ് അമ്മയെ ഉപേക്ഷിക്കുന്നതിൽ നിന്നും മകനെ പിന്തിരിപ്പിക്കുന്നത്. എന്നാൽ പുതുതലമുറയ്ക്ക് ഇത്തരം അനുഭവങ്ങളും ഓർമ്മകളും നഷ്ടമാകുന്നുണ്ടോ? വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.

**12 മുതൽ 14 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണത്തിനു മാത്രം ഉത്തരം എഴുതുക. (ഒരു പുറം) 6 സ്കോർ വീതം** **( 2x6-=12)**

12. "മനുഷ്ഷേരെ പറ്റിച്ചാല് കടലാമയ്ക്ക് ദേഷ്യമില്യോ?" ചക്കി കറുത്തമ്മയുടെ മുഖത്തു നോക്കി. അവൾ കൂഞ്ഞിയില്ല. തുടർന്നു ചോദിക്കാൻ ഇനിയുമുണ്ട്.

"എന്തിനാ അമ്മാച്ചി , ആ പാവത്തിനെ പറ്റീച്ചു
വളേളാം വലേം ? അതു കഷ്ടമാ"
"എന്നതാടീ, നീ പറഞ്ഞത് ? പറ്റീച്ചെന്നോ?"
തന്റേടത്തോടെ കറുത്തമ്മ പറഞ്ഞു
"അതെ"

**ചെമ്മീൻ (തകഴി)**

'സാമൂഹികാവസ്ഥകൾ വെളിവാക്കുന്നതിൽ തകഴിയുടെ ഭാഷയ്ക്ക് വലിയ പങ്കുണ്ട്.'മുകളിൽ കൊടുത്ത നോവൽഭാഗവും 'പ്ലാവിലക്കഞ്ഞി ' എന്ന പാഠഭാഗവും ആസ്പദമാക്കി വിശകലനം ചെയ്യുക.

13. അത്ര വിഷമം തോന്നിയാലെ അമ്മ മറുത്തു പറയൂ. അമ്മ സംസാരിച്ച് തുടങ്ങിയാൽ പിന്നെ അച്ഛൻ നിശ്ശബ്ദനാവും.

" അതോർത്ത് ഞ്ഞ് വെഷമിക്കേണ്ട. ഞാനിവിടെ ഒറ്റയ്ക്കാണെന്ന് എനിക്ക് തോന്നീട്ടില്ല. "

"ഞാനെങ്ങന്യാ മോനേ വര്യാ ? അച്ഛൻ എന്നെ എപ്പോഴും വിളിച്ചോണ്ടിരിക്കുകയാ. ഇന്നലേം വിളിച്ചു. വിളിക്കുമ്പം ഞാനിവിടെ ഇല്ലാന്ന് വെച്ചാൽ............ "

മുകളിൽ കൊടുത്ത സംഭാഷണ ഭാഗങ്ങളും കഥയിലെ മറ്റ് സന്ദർഭങ്ങളും പരിഗണിച്ച് 'അമ്മ' എന്ന കഥാപാത്രത്തെ നിരൂപണം ചെയ്ത് കുറിപ്പ് തയാറാക്കുക.

14. വ്യക്തിബന്ധങ്ങളുടെ ഇഴയടുപ്പവും കുടുംബബന്ധങ്ങളുടെ പവിത്രതയുമാണ് സാമൂഹികബന്ധങ്ങളെ ദൃഢമാകുന്നത്. 'പ്ലാവിലക്കഞ്ഞി', ' ഓരോ വിളിയും കാത്ത്,' 'അമ്മത്തൊട്ടിൽ' -എന്നീ പാഠങ്ങളുടെ ആശയത്തെ മുൻനിർത്തി ലഘൂപന്യാസം തയാറാക്കുക.

************************